THURSDAY 28-04-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/04/2022.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രിയോട് നേരിട്ട് സംവദിക്കാം. ഹലോ കൊച്ചി എഫ്.എം-ൽ തത്സമയ ഫോൺ ഇൻ പരിപാടിയിൽ മന്ത്രി പി. പ്രസാദ് നാളെ (ഏപ്രിൽ 29) ഉച്ചയ്ക്ക് 3 മണി മുതൽ സംസാരിക്കുന്നു. **9446455888, 0484-1707078** എന്നീ ഫോൺ നമ്പരുകളിൽ വിളിക്കുക.

2. കൃഷിവകുപ്പും കാർഷിക സർവകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന **ആസാദി കാ അമൃത് മഹോത്സവ് - കിസാൻ ഭാഗിദാരി പ്രാഥമികത ഹമാരി** ക്യാമ്പയിന്റെ ഭാഗമായുള്ള **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ബോധവത്ക്കരണ പരിപാടിയുടെ ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 28) രാവിലെ 11 മണിക്ക് നെടുമങ്ങാട് ബ്ലോക്ക് ഓഫീസ് അതിജീവനഹാളിൽ വച്ച് വാമനപുരം എം.എൽ.എ ഡി.കെ. മുരളി നിർവഹിക്കും. ഇതിനോടനുബന്ധിച്ച് കാർബൺ തൂലിതാ കൃഷി രീതി എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു ദൃശ്യാവഷ്കരണവും, ''കേരളത്തിൽ കൃഷി ചെയ്യാവുന്ന വിദേശ പഴങ്ങളുടെ കൃഷി വശങ്ങൾ' എന്ന വിഷയത്തിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചിരിക്കുന്നു.

3. കോട്ടങ്ങൽ മൃഗാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ (ഏപ്രിൽ 29-ന്) രാവിലെ 11.30-ന് അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

4. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ 6 മുട്ടനാടുകളെ ഇന്ന് (ഏപ്രിൽ മാസം 28) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇന്ന് (ഏപ്രിൽ 28) രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

5. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല വിവിധ വകുപ്പുകളിലായി 9 അസിസ്റ്റന്റ് പ്രൊഫസർമാരുടെ എൻ.സി.എ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് മാസം 20.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിജ്ഞാപനത്തിനും കൂടുതൽ വിവരങ്ങൾക്കും www.kvasu.ac.in എന്ന സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

6. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിലെ 3 വർഷം പ്രായമുള്ള രണ്ട് കാളകളെ ഈ മാസം 30-ന് (ഏപ്രിൽ 30) പകൽ 12 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അന്നേ ദിവസം (ഏപ്രിൽ 30) ലേലത്തിനു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

7. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ പൂക്കോട് ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാം കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിലുള്ള ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ബുക്കിംഗ് പ്രകാരം എല്ലാ ബുധനാഴ്ച്ചയുമാണ് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. ആവശ്യമുള്ളവർ **9497720137** എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

8. വിതുര ജഴ്സി ഫാമിൽ സങ്കര നേപ്പിയർ, സൂപ്പർ നേപ്പിയർ എന്നീ പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 6238450852 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. കേരള സംസ്ഥാന പൗൾട്രി വികസന കാർപ്പറേഷനിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000919 (മാള), 9495000923 (കൊട്ടിയം), 9495000915, 9495000918 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

10. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഏപ്രിൽ 28) രാവിലെ 11 മണിക്ക് **മരച്ചീനിയിലെ രോഗങ്ങളും പ്രതിവിധികളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

11. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx ൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

12. റബ്ബറിന്റെ വിപണന-കയറ്റുമതിരീതികളിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. **റബ്ബർവിപണി, ഫ്യൂച്ചർ ട്രേഡിങ്, കയറ്റുമതി സാധ്യതകൾ, റബ്ബർവിലയുമായി ബന്ധപ്പെട്ട ഘടകങ്ങൾ, ലൈസൻസിങ്, ഗവണ്മെന്റിന്റെ എക്സിം പോളിസികൾ, വിപണിവികസനത്തിനും കയറ്റുമതി പ്രോത്സാഹനത്തിനുമുള്ള നടപടികൾ** എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ടു ദിവസത്തെ പരിശീലനം മെയ് 05, 06 തീയതികളിൽ കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.